ഗവൺമെന്റ് എഞ്ചിനീറിംഗ് കോളേജ് പാലക്കാട്
ശ്രീകൃഷ്ണപുരം

നമ്പർ :**GECPKD/523/2026-C5** തീയ്യതി: 29-10-2026

ഓഫീസ് ഉത്തരവ്

വിഷയം: ഈ സ്ഥാപനത്തിൽ പ്രവേശനം നേടുകയും മറ്റ് കാരണത്താൽ ഈ സ്ഥാപനത്തിൽ നിന്നുംവിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയ ബി.ടെക്ക് റഗുലർ, ബി.ടെക്ക് ലാറ്ററൽ എൻട്രി, എം.ടെക്ക് വിദ്യാർത്ഥികൾക്കായുള്ള ബസ് ഫീസ് റീഫണ്ട് അപേക്ഷയ്ക്കുള്ള പൊതുനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

സൂചന:

ഈ സ്ഥാപനത്തിൽ പ്രവേശനം നേടുകയും മറ്റ് കാരണത്താൽ ഈ സ്ഥാപനത്തിൽ നിന്നും വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങിയ ബി.ടെക്ക് റഗുലർ, ബി.ടെക്ക് ലാറ്ററൽ എൻട്രി, എം.ടെക്ക് എന്നീ വിദ്യാർത്ഥികൾക്ക് ബസ് ഫീസ് തിരികെ സുഗമമായി ലഭിക്കുന്നതിന് അപേക്ഷകൾ അയക്കേണ്ട വിധം ചുവടെ ചേർക്കുന്നു.

1. അപേക്ഷയിൽ സ്വീകർത്താവ് ആയി "പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം, പാലക്കാട്" എന്ന് പരാമർശിക്കേണ്ടതാണ്.

2.അപേക്ഷകൾ ഭൗതികരൂപത്തിലോ **A4 size** പേപ്പറിൽ എഴുതി **PDF** രൂപത്തിൽ **SCAN** ചെയ്ത് അറ്റാച്ച് ചെയ്തോ ഇ-മെയിൽ അയക്കേണ്ടതാണ്.

3.അപേക്ഷ ഇ-മെയിൽ മുഖേനയാണ് അയക്കാനുദ്ദേശിക്കുന്നതെങ്കിൽ അപേക്ഷ അയക്കേണ്ട

ഇമെയിൽ വിലാസം **principal@gecskp.ac.in** ആണ്.

4. അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട രേഖയും മറ്റു വിവരങ്ങളും- വിദ്യാർത്ഥിയുടെ ബാങ്ക് പാസ്സ്ബുക്കിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ വ്യക്തമായ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്. "വിദ്യാർത്ഥിയുടെ പൂർണമായ പേര്, അഡ്മിഷൻ നമ്പർ, ബ്രാഞ്ച്, ഈ സ്ഥാപനത്തിൽ പഠിച്ച അവസാന സെമസ്റ്റർ, നിലവിൽ സജീവമായ മൊബൈൽ നമ്പർ, അടച്ച ബസ് ഫീസിൻറെ രസീതി നമ്പർ, രസീതി ബുക്ക് നമ്പർ, ബസ് ഫീസ് അടച്ച തീയതി, ബസ് ഫീസ് തുക" എന്നിവ അപേക്ഷയിൽ വ്യക്തമായി പരാമർശിക്കേണ്ടതാണ്.

5.ബസ് ഫീസ് റീഫണ്ട് ലഭിക്കേണ്ട **BANK ACCOUNT HOLDER NAME, BANK ACCOUNT NUMBER, IFSC CODE** എന്നിവ വ്യക്തമായി അപേക്ഷയിൽ പരാമർശിക്കേണ്ടതാണ്.

6. ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ മേൽ പറഞ്ഞ തുക കൈമാറ്റം ചെയ്യുകയുള്ളൂ.

ഡിജിറ്റലായി അംഗീകരിച്ചത്
REMESH BABU K R
PRINCIPAL

പകർപ്പ്:

1. ഈ സ്ഥാപനത്തിൻറെ നോട്ടീസ് ബോർഡ്
2. ഈ സ്ഥാപനത്തിൻ്റെ ഔദ്യോഗിക വെബ്സൈറ്റ്**(https://www.gecskp.ac.in) (NB:**ബന്ധപ്പെട്ട വെബ്സൈറ്റിൽ എല്ലാവർക്കും എളുപ്പം **ACCESS** ചെയ്യാവുന്ന തരത്തിൽ ഈ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ കാര്യാലയത്തിൽ നിന്ന്

മറ്റൊരു രേഖാമൂലം നൽകുന്ന നിർദ്ദേശം ലഭിക്കുന്നത് വരെ ടി രേഖ ബന്ധപ്പെട്ട വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യാൻ പാടുള്ളതല്ല.) (**portaladmin@gecskp.ac.in** എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്)

Digitally signed by
K R Remesh Babu
Date: 02-11-2026
12:48:04